# തിരുവനന്തപുരം സിറ്റി പോലീസ്

## 15 ലക്ഷത്തിന്റെ പുകയില ഉല്പന്നങ്ങളുടെ വൻശേഖരം പിടികൂടി

### നഗരത്തിൽ ഇത്രയധികം പിടികൂടുന്നത് ആദ്യം

തിരുവനന്തപുരം:- തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ മൊത്ത വിൽപ്പനയ്ക്കായി സൂക്ഷിച്ചിരുന്ന 15 ലക്ഷത്തോളം രൂപ വിലവരുന്ന നിരോധിത പുകയില ഉല്പന്നങ്ങളുടെ വൻശേഖരം സിറ്റി പോലീസ് പിടികൂടിയതായി ഐ.ജി.പി-യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. വെങ്ങാനൂർ മുട്ടയ്ക്കാട് കണ്ഠൻ ശാസ്താക്ഷേത്രത്തിന് സമീപം എസ്.എസ് ഭവനിൽ വാടകയ്ക്ക് താമസിച്ചു വരുന്ന ഫൈസലിന്റെ വീട്ടിൽ നിന്നാണ് 75 ചാക്കുകളിൽ മുറികളിലും കാറിലുമായി സൂക്ഷിച്ചിരുന്ന പുകയില ഉല്പന്നങ്ങൾ ഡിസ്ട്രിക്ട് ആന്റി നാർക്കോട്ടിക് സ്പെഷ്യൽ ആക്ഷൻ ഫോഴ്സ് (ഡാൻസാഫ്) ടീമിന്റെ സഹായത്തോടെ കോവളം പോലീസ് പിടിച്ചെടുത്തത്. ഫൈസലിന്റെ ഭാര്യ മെഹറുനീസ (45)-യെ പോലീസ് അറസ്റ്റ് ചെയ്തു. ഫൈസലും ഭാര്യ മെഹറുനിസയും ചേർന്ന് ആഡംബര വീട് വാടകക്കെടുത്തു പുകയില ഉല്പന്നങ്ങൾ ശേഖരിച്ച് വച്ച് വൻതോതിൽ തിരുവനന്തപുരം, കൊല്ലം ജില്ലകളിലായി മൊത്തവില്പന നടത്തി വരികയായിരുന്നു. തമിഴ്നാട്ടിൽ നിന്നും മിനിലോറിയിലും കൂളിംഗ് പേപ്പർ ഒട്ടിച്ചു മറച്ച കാറിലുമായാണ് ഇവർ പുകയില ഉല്പന്നങ്ങൾ കടത്തിക്കൊണ്ട് വരുന്നത്. വീടിന്റെ രണ്ടാം നിലയിലെ രണ്ടു മുറികളിൽ ചാക്കുകളിലാക്കി സൂക്ഷിച്ചിരുന്ന പുകയില ഉലപ്പന്നങ്ങളുടെ വൻ ശേഖരവും, ഇവരുടെ സ്കോർപിയോ കാറിൽ സൂക്ഷിച്ചിരുന്ന 15 ചാക്ക് പുകയില ഉൽപ്പന്നവും റെയ്ഡിൽ പിടിച്ചെടുത്തു. കടത്തിനും വില്പന നടത്തുന്നതിനുമായി ഉപയോഗിച്ച സ്കോർപിയോ കാറും പോലീസ് കസ്റ്റഡിയിൽ എടുത്തു. സംസ്ഥാന പോലീസ് മേധാവിയിടെ ഉത്തരവ് പ്രകാരം ഡിസംബർ 18 മുതൽ 24 വരെ സിറ്റി പോലീസ് നടത്തുന്ന *ആന്റി നാർക്കോട്ടിക് സ്പെഷ്യൽ ഡ്രൈവിന്റെ* ഭാഗമായാണ് റെയ്ഡ് സംഘടിപ്പിച്ചത്. നഗരത്തിൽ ആദ്യമായാണ് ഇത്രയധികം നിരോധിത പുകയില ഉൽപ്പന്നങ്ങൾ പിടികൂടുന്നത്. റെയ്ഡ് സമയത്ത് ഫൈസൽ സ്ഥലത്ത് ഇല്ലായിരുന്നു. 40 ചാക്ക് സാധനവുമായി കൊല്ലം ജില്ലയിൽ വിൽപ്പനക്ക് പോയതായി ഭാര്യ മെഹറുനീസ പോലീസിനോട് പറഞ്ഞു. ഇയാളെ പിടികൂടുന്നതിനായുള്ള അന്വേഷണം ഊർജ്ജിതമാക്കിയതായി ഡെപ്യൂട്ടി പോലീസ് കമ്മീഷണർ ഡോ.ദിവ്യ.വി.ഗോപിനാഥ് അറിയിച്ചു. നാർക്കോട്ടിക് സെൽ അസ്സിസ്റ്റന്റ് കമ്മീഷണർ ഷീൻ തറയിലിന് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ കോവളം എസ്.എച്ച്.ഒ അനിൽകുമാർ, എസ്.ഐ അനീഷ്, ഡാൻസാഫ് ടീം അംഗങ്ങളായ എസ്.ഐ ഗോപകുമാർ, എ.എസ്.ഐ ബാബു, എസ്.സി.പി.ഒ-മാരായ സജികുമാർ, ഷിബു, രഞ്ജിത്, അരുൺ, നാജി ബഷീർ, ഷിബു, സരിത, രമ്യ എന്നിവരടങ്ങുന്ന പോലീസ് സംഘമാണ് അന്വേഷണത്തിനും അറസ്റ്റിനും നേതൃത്വം നൽകിയത്.